**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4971** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജനസംഖ്യാനുപാതികമായിട്ടാണോ സംസ്ഥാനത്ത് കോവിഡ് 19 പ്രതിരോധ വാക്സിൻ ജില്ലകൾക്ക് നൽകിയിട്ടുള്ളത്; വിശദമാക്കാമോ ; | (എ) | സംസ്ഥാനത്ത് ലഭിക്കുന്ന വാക്സിൻ ജില്ലകളിലേയ്ക്ക് വിതരണം ചെയ്യുന്നത് ജില്ലകളിലെ ജനസംഖ്യ, ജില്ലകളിലെ വാക്സിന്റെ ഉപയോഗം, ജില്ലയിലെ നിലവിലുള്ള വാക്സിന്റെ സ്റ്റോക്ക് എന്നിവയെ അടിസ്ഥാനമാക്കിയാണ്. |
| (ബി) | വാക്സിൻ ലഭ്യത കുറവുള്ള ജില്ലകളിൽ വാക്സിൻ നൽകുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | മേൽ പ്രസ്താവിത ഘടകങ്ങളെ അടിസ്ഥാനമാക്കി എല്ലാ ജില്ലകൾക്കും ആനുപാതികമായി കോവിഡ് വാക്സിനുകൾ അനുവദിച്ചിട്ടുണ്ട്. അർഹരായ എല്ലാവർക്കും ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനം എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സർക്കാർ സിവിസി (കോവിഡ് വാക്സിനേഷൻ സെന്ററുകൾ) വഴി സൗജന്യമായി വാക്സിൻ നൽകുന്നു. കൂടാതെ, സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ ക്വാട്ടയിൽ നിന്ന് പരമാവധി അളവിൽ പ്രതിരോധ കുത്തിവയ്പ്പുകൾ വാങ്ങുന്നതിന് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നു. ദിവസേന റിവ്യൂ മീറ്റിംഗ് നടത്തി വാക്സിൻ ഉപഭോഗം കുറഞ്ഞ ജില്ലകളിൽ കൂടുതൽ വാക്സിനേഷൻ സെന്ററുകൾ തുടങ്ങി വാക്സിനേഷൻ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ എടുത്തുവരുന്നു. അങ്ങനെ ഉപഭോഗം കൂടുന്ന ജില്ലകളിൽ കൂടുതൽ വാക്സിൻ കൊടുക്കുന്നു. സംസ്ഥാനത്തിന് കോവിഡ് വാക്സിനുകൾ അനുവദിക്കുന്നത് വർദ്ധിപ്പിക്കാൻ സംസ്ഥാനം ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ